**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2067** **26-10-2026-ൽ മറുപടിയ്ക്ക്**

**പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള നടപടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. അനുപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഉണ്ട്. കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം [നിയന്ത്രണം] ഉത്തരവ്, 2021 ലെ വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് പുതിയ റേഷൻ കടകൾ അനുവദിക്കുന്നത്. പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനായി പ്രദേശവാസികൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരിൽനിന്ന് ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർ മുഖേന വിശദമായ സ്ഥലപരിശോധനയും അന്വേഷണവും നടത്തി, പ്രദേശത്തെ നിലവിലുള്ള റേഷൻ കടകളിലേക്കുള്ള ദൂരം, റേഷൻ കാർഡുടമകളുടെ എണ്ണം, ഭൂപ്രകൃതി, ഗതാഗത സൗകര്യങ്ങൾ, പൊതുവിതരണ സംവിധാനത്തിന്റെ കാര്യക്ഷമത എന്നിവ വിലയിരുത്തി പുതിയ റേഷൻ കടയുടെ ആവശ്യകത നിർണ്ണയിക്കുന്നു. നിർദിഷ്ട സ്ഥലത്ത് പുതിയ റേഷൻ കട ആരംഭിക്കുമ്പോൾ സമീപത്തെ റേഷൻ കടകളിൽ കുറഞ്ഞത് 500 റേഷൻ കാർഡുകൾ വീതം നിലനിർത്തുന്നതിനും പുതിയ കടയ്ക്ക് കുറഞ്ഞത് 400 റേഷൻ കാർഡുകളെങ്കിലും ലഭ്യമാകുന്നതിനും സാധ്യതയുണ്ടോ എന്നും പ്രാഥമികമായി പരിശോധിക്കുന്നു. കൂടാതെ, പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യം ഉറപ്പാക്കുന്നതിനും പുതിയ റേഷൻ കട സാമ്പത്തികമായും സുസ്ഥിരമായും പ്രവർത്തിക്കുന്നതിനാവശ്യമായ ഭക്ഷ്യധാന്യ വിതരണസാധ്യതയുണ്ടോ എന്നും വിലയിരുത്തിയശേഷം, ബന്ധപ്പെട്ട ജില്ലാ കളക്ടർ, ജില്ലാ സപ്ലൈ ഓഫീസർമാർ എന്നിവരുടെ റിപ്പോർട്ട് പരിശോധിച്ച് പുതിയ റേഷൻ കടകൾ അനുവദിക്കുന്നു.

**(ബി)** കാസർഗോഡ് ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയ റേഷൻ കടകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കാസർഗോഡ് ജില്ലയിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിൽ പുതിയ റേഷൻകടകൾ ആരംഭിക്കുന്നതിനായി കമ്മീഷണറേറ്റിൽ അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൻമേൽ കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിയ്ക്കുന്നതാണ്.

1. കണ്ണാടിപ്പാറ (ഹോസ്ദുർഗ് താലൂക്കിലെ പിലിക്കോട് പഞ്ചായത്ത് )
2. ചെട്ടുംകുഴി (കാസറഗോഡ് താലൂക്കിലെ മധൂർ പഞ്ചായത്ത് )
3. പത്വാടി (മഞ്ചേശ്വരം താലൂക്കിലെ മംഗൽപ്പാടി പഞ്ചായത്ത് )

4. ഉദയംകുന്ന് (ഹോസ്ദുർഗ് താലൂക്കിലെ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി)
5. പള്ളത്തിങ്കാൽ (കാസറഗോഡ് താലൂക്കിലെ ചെമ്മനാട് പഞ്ചായത്ത് )
6. ശിരിബാഗിലു (കാസറഗോഡ് താലൂക്കിലെ മധൂർ പഞ്ചായത്ത് )
7. ചാമക്കുഴി (വെള്ളരിക്കുണ്ട് താലൂക്കിലെ കൊടോം ബെളൂർ പഞ്ചായത്ത് )
8. കുമ്പടാജെ (കാസറഗോഡ് താലൂക്കിലെ കുമ്പടാജെ പഞ്ചായത്ത് )
9. അടുക്കത്ത് ബയൽ (കാസറഗോഡ് താലൂക്കിലെ കാസറഗോഡ് മുനിസിപ്പാലിറ്റി)
10. മാടത്തടുക്ക (കാസറഗോഡ് താലൂക്കിലെ ബദിയടുക്ക പഞ്ചായത്ത് )
11. ചിറപ്പുറം (ഹോസ്ദുർഗ് താലൂക്കിലെ നീലേശ്വരം മുനിസിപ്പാലിറ്റി)
12. ചെന്നടുക്കം (വെള്ളരിക്കുണ്ട് താലൂക്കിലെ വെസ്റ്റ് എളേരി പഞ്ചായത്ത് )
13. പെരിയാട്ടടുക്കം (ഹോസ്ദുർഗ് താലൂക്കിലെ പള്ളിക്കര പഞ്ചായത്ത് )
14. ചേടി റോഡ് (ഹോസ്ദുർഗ് താലൂക്കിലെ മടിക്കൈ പഞ്ചായത്ത് )
15. തോക്കാനം മൊട്ട (ഹോസ്ദുർഗ് താലൂക്കിലെ പള്ളിക്കര പഞ്ചായത്ത് )
16. മൂലടുക്കം (കാസറഗോഡ് താലൂക്കിലെ മുളിയാർ പഞ്ചായത്ത് )
17. മുസോഡി (മഞ്ചേശ്വരം താലൂക്കിലെ മഞ്ചേശ്വരം പഞ്ചായത്ത് )
18. ആലിൽകീഴിൽ (ഹോസ്ദുർഗ് താലൂക്കിലെ നീലേശ്വരം മുനിസിപ്പാലിറ്റി)
19. മല്ലം (കാസറഗോഡ് താലൂക്കിലെ മുളിയാർ പഞ്ചായത്ത് )
20. കൊടക്കാട് (ഹോസ്ദുർഗ് താലൂക്കിലെ പിലിക്കോട് പഞ്ചായത്ത് )
21. ബണ്ടിച്ചാൽ (കാസറഗോഡ് താലൂക്കിലെ ചെമ്മനാട് പഞ്ചായത്ത് )
22. ശാഫിനഗർ (മഞ്ചേശ്വരം താലൂക്കിലെ മംഗൽപ്പാടി പഞ്ചായത്ത് )
23. ചാല (കാസറഗോഡ് താലൂക്കിലെ കാസറഗോഡ് മുനിസിപ്പാലിറ്റി)
24. മലപ്പച്ചേരി (ഹോസ്ദുർഗ് താലൂക്കിലെ മടിക്കൈ പഞ്ചായത്ത് )

**(സി)** മടിക്കൈ പഞ്ചായത്തിലെ മലപ്പച്ചേരിയിൽ റേഷൻ കട അനുവദിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** മടിക്കൈ പഞ്ചായത്തിലെ മലപ്പച്ചേരിയിൽ റേഷൻ കട അനുവദിക്കുന്നതിനായി പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**